പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.215 | 10 -10 -2011 - ൽ മറുപടിയ്ക്ക് |

## ആദിവാസി കോളനികളിലെ കമ്മ്യൂണിറ്റി ഹെൽത്ത് കോംപ്ളക്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ്കുമാർ : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആദിവാസി കോളനികളിൽ കമ്മ്യൂണിറ്റി ഹെൽത്ത് കോംപ്ളക്സുകൾ നിർമ്മിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഓരോ കോളനിയിലും ഹെൽത്ത് വോളൻറിയർമാരെ തെരഞ്ഞെടുത്ത് 'ഫസ്റ്റ് എയ്ഡ്' നൽകുന്നതിനുള്ള പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ ; | (ബി) | ഹെൽത്ത് വോളൻറിയർമാർ ഇപ്പോൾ ഇല്ല. പട്ടികവർഗ്ഗക്കാരുടെ സർവതോന്മുഖമായ ക്ഷേമ പ്രവർത്തനങ്ങളെ സഹായിക്കുക, വിവിധ സർക്കാർ വകുപ്പുകളുടെ ക്ഷേമ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗത്തിൽപ്പെടുന്ന ജനവിഭാഗങ്ങൾക്ക് എത്തിക്കുക എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിലേക്കായി 1000 പട്ടിക വർഗ്ഗ യുവതീയുവാക്കളെ ഒരു വർഷ കാലാവധിയിലേക്കു പ്രതിമാസം 2500 രൂപ ഓണറേറിയം നൽകി എസ്സ് ടി പ്രൊമോട്ടർ മാരായി നിയമിച്ചുവരുന്നുണ്ട്. പട്ടിക വർഗ്ഗ ക്കാരായവർ ചികിത്സ തേടി ആശുപത്രിയിൽ എത്തുമ്പോൾ അവരെ സഹായിക്കുന്നതിന് അതാത് കോളനിയിലെ എസ്സ് ടി പ്രൊമോട്ടർ മാർ എത്താറുണ്ടെങ്കിലും അവർക്കു നിരവധി പട്ടിക വർഗ്ഗ സങ്കേതങ്ങളുടെ ചുമതലയുള്ള തിനാൽ സേവനം പൂർണ്ണമായും ലഭിക്കാത്ത സാഹചര്യം ചിലയിടങ്ങളിൽ നിലവിലുണ്ട്. |
| (സി) | പ്രസ്തുത കോളനികളിൽ പടർന്നു പിടിക്കുന്ന പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിൻെറ ഭാഗമായി ടെലിചികിത്സാ സംവിധാനം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ടെലി മെഡിസിൻ, ടെലി എഡ്യൂക്കേഷൻ പ്രോജക്ട് എന്നിവ വയനാട് ജില്ലയിൽ തുടങ്ങുന്ന കാര്യം C- DAC പരിഗണിച്ചു വരുന്നതായി പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ